**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടറുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.887/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 25.03.2017

=====================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടറുടെ 25.08.2014 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 26.09.2014,05.06.2015,17.03.2016 എന്നീ തീയതികളിലെ ഇ 6-39701/13 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 31.05.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടറുടെ 07.06.2010 മുതൽ 27.01.2012 വരെയും 26.03.2012 മുതൽ 28.02.2014 വരെയുമുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി മോളിക്കുട്ടി അലക്സാണ്ടർ 27.02.1988 ൽ ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടർ മെഡിക്കൽ സർട്ടിഫിക്കറ്റും 01.03.2014 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയുണ്ടായി. എന്നാൽ രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 31.05.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടറുടെ 07.06.2010 മുതൽ 27.01.2012 വരെയും 26.03.2012 മുതൽ 28.02.2014 വരെയുമുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 ന് ഇളവ് നൽകി ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്ത്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടർ, റിട്ട.സീനിയർ ക്ലാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(104/ഇപിഎ 1/2014/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ